# കാലതാമസമരുത്, മനുഷ്യരാശിയുടെ ഭദ്രതയുടെ വിഷയമാണിത്, tribals, agriculture, forest

mathrubhumi.com/in-depth/features/agriculture-in-forest-area-by-tribals-1.7556366

**ഡോ. സീമ പുരുഷോത്തമൻ**

**30 May 2022, 10:57 AM IST**

**1,64,000 ഓളം ആദിവാസി കുടുംബങ്ങൾ ഉണ്ട്. ജനസംഖ്യയിൽ ഒരു സൂക്ഷ്മ ന്യൂനപക്ഷവും വാസസ്ഥലം കൊണ്ട് ഒറ്റപ്പെട്ടു കഴിയുന്നതും സാമൂഹിക സാംസ്കാരിക തലങ്ങളിൽ അസാധാരണത്വമായ ഈ ജനതയെ മുഖ്യധാരാ രാഷ്ട്രീയത്തിനു പോലും കണ്ടില്ലെന്നു നടിക്കാൻ എളുപ്പമാണ്.**




Photo: mathrubhumi archives

വളരെയധികം സാമൂഹിക സാംസ്കാരിക സവിശേഷതകളുള്ള ഒരു ന്യൂനപക്ഷ സമൂഹമാണ് വനങ്ങളെ ആശ്രയിച്ച് ജീവിക്കുന്ന ഗോത്രവർഗക്കാരായ ആദിവാസികൾ. ഓരോ വനമേഖലയിലും ആദിവാസി എന്ന് അവകാശപ്പെടാൻ കഴിയുന്ന സമൂഹങ്ങൾ ഏതൊക്കെയാണെന്നത് തർക്കവിഷയമാണെങ്കിലും ഐക്യരാഷ്ട്ര സംഘടന നിർദേശിക്കുന്നത് പോലെ ആദിവാസി എന്നാൽ ആരാണെന്ന് നിർവചിക്കുന്നതിനെക്കാൾ ഈ ജനതയെ, അവരുടെ പ്രത്യേകതകളെ തിരിച്ചറിയുകയാണ് ഉചിതം.

ലോക ജനസംഖ്യയിൽ ആദിവാസികളുടെ സാന്നിദ്ധ്യം 8.5 ശതമാനമാണെങ്കിൽ ഇന്ത്യയിൽ അത് അഞ്ചും കേരളത്തിൽ വെറും 1.5 ശതമാനവുമാണ്. ഇവരിൽ നല്ലൊരു പങ്ക് ഇപ്പോഴും വനയോരജീവിതം നയിക്കുന്നവരാണ്. 2020ലെ കണക്കനുസരിച്ച് കേരളത്തിലെ വനയോരങ്ങളിൽ ഏകദേശം 1505

ആദിവാസി ഊരുകൾ ഉണ്ട്. അതിലെല്ലാമായി 1,64,000 ഓളം ആദിവാസി കുടുംബങ്ങൾ ഉണ്ട്. ജനസംഖ്യയിൽ ഒരു സൂക്ഷ്മ ന്യൂനപക്ഷവും വാസസ്ഥലം കൊണ്ട് ഒറ്റപ്പെട്ടു കഴിയുന്നതും സാമൂഹിക സാംസ്കാരിക തലങ്ങളിൽ അസാധാരണരുമായ ഈ ജനതയെ മുഖ്യധാരാ രാഷ്ട്രീയത്തിനു പോലും കണ്ടില്ലെന്നു നടിക്കാൻ എളുപ്പമാണ്.

മുഖ്യധാരാ സമൂഹത്തിന്റെ വികസനസംഹിതകൾ ഇവരിലേക്ക് വ്യാപിപ്പിച്ചു കൊണ്ട് ദശാബ്ദങ്ങൾ കടന്നുപോയിട്ടും ഇന്ത്യയിലെ ഇതര സംസ്ഥനങ്ങളിലെ പോലെ കേരളത്തിലും ആദിവാസി മേഖലകൾ വികസന മാനദണ്ഡങ്ങളിൽ പിന്നാക്കം നിൽക്കുന്നു. അവരുടെയിടയിലെ വിദ്യാഭ്യാസം, ഭക്ഷ്യ സുരക്ഷ, ആരോഗ്യം തുടങ്ങിയ സൂചകങ്ങളുടെ പിന്നാക്കാവസ്ഥയെ ക്കുറിച്ച് ആകുലപ്പെടുമ്പോഴും ആദിവാസികളുടെ സുസ്ഥിര ക്ഷേമത്തെക്കുറിച്ച് ഒരു പുനർ വിചിന്തനം നടക്കുന്നില്ല. വികസനം, പുരോഗതി അല്ലെങ്കിൽ ക്ഷേമ ജീവിതം എന്നിവയ്ക്ക് ആദിവാസി സമൂഹങ്ങളിൽ എന്തൊക്കെ മാനങ്ങളുണ്ടെന്ന് മനസ്സിലാക്കാൻ നാം മുതിർന്നിട്ടില്ല.

പല ആദിവാസിസമൂഹങ്ങളിലും നിലനിന്നിരുന്ന സാമത്വാധിഷ്ഠിധമായ സാമൂഹിക-പ്രാകൃതിക മൂല്യങ്ങൾക്കു പകരംവെക്കാൻ നമ്മൾ വെച്ചുനീട്ടിയ വികസന നഗരീകരണ പദ്ധതികൾക്കായിട്ടില്ല. അങ്ങിനെ ഒരേസമയം ആധുനിക വികസനധാരയിൽ നിന്നും സ്വതസിദ്ധമായ മൂല്യങ്ങളിൽ നിന്നും ഇക്കൂട്ടർ വേർപെട്ടുപോകുന്നന്നതായി കാണാം. ആദിവാസികൾക്കായുള്ള വികസന ഇടപെടലുകളിൽ കാർഷിക വികസനവും ഉൾപ്പെടുന്നു. മറ്റ് മേഖലകളെപ്പോലെ കൃഷിക്കും ആദിവാസിസമൂഹത്തിൽ പ്രത്യേകിച്ചും വനയോരപ്രദേശങ്ങളിൽ, തനതായ സ്വഭാവമുണ്ട്. ഇതേപ്പറ്റി കേരളമുൾപ്പടെയുള്ള ചില സംസ്ഥാനങ്ങളിൽ നടത്തിയ അന്വേഷണ പഠനങ്ങളിൽ നിന്നുരുത്തിരിഞ്ഞ വസ്തുതകളാണ് ഈ കുറിപ്പിന് ആധാരം.



Photo: mathrubhumi

**വനയോരങ്ങളിലെ കാർഷിക ആവാസവ്യവസ്ഥ**

കാർഷിക സംസ്കാരം പ്രകൃതിയുടെ സങ്കീർണതയെ ലഘൂകരിച്ചെടുക്കുന്നതാണല്ലോ. നൈസർഗിക ജൈവവൈവിധ്യത്തെ കമ്പോളത്തിനാവശ്യമായ വിധത്തിൽ ചുരുക്കിയെടുക്കുകയാണ് മുഖ്യധാരാ കർഷക സമൂഹങ്ങൾ. മലകളും കാടും മേച്ചിൽപ്പുറങ്ങളും കൃഷിയിടങ്ങളും വന്യജീവികളും മനുഷ്യരും വളർത്തുമൃഗങ്ങളും വളരെയധികം ഇടചേർന്ന് കിടക്കുന്ന പ്രദേശങ്ങൾ, തുടർച്ചയായി കിടക്കുന്ന കൃഷിഭൂമികളും കെട്ടിടങ്ങളും ചേർന്ന സാധാരണ കാർഷിക മേഖലകളിൽ നിന്നു തികച്ചും വ്യത്യസ്തമാണെന്ന് കാണാൻ പ്രയാസമില്ല. എന്നിരുന്നാലും ഇത്തരം മേഖലകളിൽ നിലനിൽക്കാവുന്ന കാർഷികരീതികൾ എന്തായിരിക്കണമെന്ന അന്വേഷണങ്ങൾ അപൂർവമായേ കാണുന്നുള്ളൂ.
കർഷക കുടുംബങ്ങളുടെ പോഷക-ആരോഗ്യ സുരക്ഷയും പാരിസ്ഥിതികനൈപുണ്യങ്ങളും ആധുനിക കാർഷിക പദ്ധതിയിൽ ഉൾപ്പെടുന്നില്ല. എന്നിരുന്നാലും മുഖ്യധാരാ കർഷക സമൂഹങ്ങൾക്ക് കർഷികേതര നൈപുണ്യങ്ങളും വരുമാനമാർഗങ്ങളും അതിനാൽത്തന്നെ പോഷക-ആരോഗ്യ സുരക്ഷയും അപ്രാപ്യമല്ല. വനയോര ആദിവാസി മേഖലകളിൽ ഈ അനുമാനം അനുയോജ്യമല്ലെന്ന് കാണുന്നു. കാരണം, സ്വതന്ത്ര ഇന്ത്യക്കും ആദിവാസിമേഖലിയിലെ വികസന ഇടപെടലുകൾക്കും പല ദശാബ്ദങ്ങൾ പ്രായമായെങ്കിലും മുൻപ് സൂചിപ്പിച്ചത് പോലെ വനയോര ഗോത്ര സമൂഹങ്ങളിൽ പോഷക-ആരോഗ്യ സുരക്ഷയും സാമൂഹ്യക്ഷേമവും വിദൂരമായിത്തന്നെ കാണപ്പെടുന്നു. അതുകൊണ്ടുതന്നെ വനയോരവാസികൾക്കാവശ്യമായ കാലാനുസൃത കാർഷിക നൈപുണ്യത്തെപ്പറ്റി കാര്യമായ ചർച്ചകൾ അനിവാര്യമാണ്.

കാട്ടിൽ നിന്നെത്തുന്ന നീരൊഴുക്കും വളക്കൂറും പരാഗപ്രാണികളടക്കമുള്ള ജൈവവൈവിധ്യത്തെയും ആധാരമാക്കി ഊരുവാസികളുടെ ആവശ്യങ്ങൾക്കനുസരിച്ച ചിരകാല പരിചയത്തിലൂടെ മെനഞ്ഞെടുക്കുന്നതായിരുന്നു ആദിവാസികളുടെ കാർഷിക -പാരിസ്ഥിതിക നൈപുണ്യം. ഇവിടങ്ങളിൽ വേണ്ടത് ഹ്രസ്വകാല നേട്ടങ്ങൾക്കായി ഇത്തരം അനുപമ നൈപുണ്യങ്ങളെ നിസ്സാരവൽക്കരിച്ച കാർഷികമേഖലകളെ കടക്കെണിയിലാഴ്ത്തുന്ന 'ഹരിത' വിപ്ലവമല്ല. പാരിസ്ഥിതിക സുരക്ഷയിലാണ് ഇവരുടെ പോഷക-ആരോഗ്യ-ഉപജീവന സുരക്ഷ നിലനിൽക്കുന്നത് എന്നു മനസ്സിലാക്കുന്ന തദ്ദേശീയമായി ഉരിത്തിരിയേണ്ടുന്ന ഒരു കാർഷികശാസ്ത്രവും പ്രസ്ഥാനവുമാണ്. നമ്മുടെ വനയോര ആദിവാസി ഊരുകളിലെ ആരോഗ്യ, കാർഷിക, സാമൂഹ്യക്ഷേമ പദ്ധതികളുടെ മുഖ്യധാരാ സമീപനത്തിന് വേണ്ടതായ ഈ മാറ്റക്കുറിപ്പിനു ഇനിയും കാലതാമസമരുത്. ഈ ചുവടുമാറ്റം ഒരു ന്യൂനപക്ഷ ക്ഷേമപദ്ധതി മാത്രമായി കാണരുത്. മനുഷ്യവർഗം നേരിട്ടുകൊണ്ടിരിക്കുന്ന വർദ്ധിച്ചുവരുന്ന ആഗോള പ്രതിസന്ധികൾ (പ്രകൃതിദുരന്തങ്ങൾ മുതൽ മഹാമാരികൾ വരെ) നേരിടാൻ അവശ്യം വേണ്ട വിജ്ഞാന സ്രോതസ്സുമായിരിക്കും അത്.

ആദിവാസിമേഖലക്കനുയോജ്യമായ വനയോര കാർഷിക പദ്ധതി വിഭാവനം ചെയ്യുമ്പോൾ:
വനയോര- ആദിവാസി കാർഷിക മേഖലയിൽ ഒരു ചുവടുമാറ്റത്തിന് അവശ്യം വേണ്ട (താത്വിക, പ്രയോഗിക) സമീപനങ്ങൾ എന്തെല്ലാമാണ്?

വനവാസികളുടെ ആവാസവ്യവസ്ഥയും അവരുടെ പോഷക-ആരോഗ്യ-വിജ്ഞാന-ഉപജീവന സുരക്ഷയും തമ്മിലുള്ള സവിശേഷ ബന്ധം മനസ്സിലാക്കുക
ആദിവാസിത്വം വികസന ആനുകൂല്യങ്ങൾക്കായുള്ള തിരിച്ചറിയൽ കാർഡ് മാത്രമല്ലെന്നും മാനവരാശിക്കാകെ മുതൽക്കൂട്ടായുള്ള ഏറെ സവിശേഷതകളുള്ള, അതിവേഗം മാഞ്ഞുകൊണ്ടിരിക്കുന്ന ഒരു അമൂല്യ സമ്പത്താണെന്നും അംഗീകരിക്കുക.

മുഖ്യധാരയിലേക്ക് (വിദ്യാഭ്യാസം, തൊഴിൽ, കൃഷി, മറ്റ് ജോലികൾ എന്നിവയിലെല്ലാം തന്നെ) സധൈര്യം കടന്നുവരുവാനുള്ള അവസരങ്ങൾ ഒരുക്കുമ്പോൾത്തന്നെ തനതായ സവിശേഷതകളുൾക്കൊണ്ട് വനയോരപ്രദേശങ്ങളിൽ തുടരാനാഗ്രഹിക്കുന്ന ആദിവാസികൾക്ക് അനുയോജ്യമായ കാർഷിക വ്യവസ്ഥകൾ അവരോടൊപ്പം പഠനങ്ങൾ നടത്തി കണ്ടെത്താൻ പരിശ്രമിക്കുക ഈ ഉദ്യമത്തിൽ സുപ്രധാനമാണ്
വനയോരങ്ങളിലെ പാരിസ്ഥിതിക-ആഹാര വ്യവസ്ഥയ്ക്കനുയോജ്യമായ സാമൂഹ്യ വ്യവസ്ഥകൾ പുനരുജ്ജീവിപ്പിക്കുക എന്നതും അതിലൂടെ വനയോര കൃഷിയിടങ്ങളിലേക്ക് പ്രചരിപ്പിച്ചുവരുന്ന

വയ്യക്തീകരണത്തിലൂന്നിയ സാങ്കേതികരീതികളുടെ ചേർച്ചയില്ലായ്മ നികത്തുക എന്നതും. ഊരുകളിലെ കുടുംബങ്ങൾ ഒന്നുചേർന്ന് എടുത്തിരുന്ന തീരുമാനങ്ങളും നടത്തിയിരുന്ന കൃഷിപ്പണികളും, വിളഞ്ഞത് പങ്ക് വെച്ചു കൊണ്ട് ഉറപ്പ് വരുത്തിയിരുന്ന പോഷക സുരക്ഷയും വിരളമാണെങ്കിലും ഇന്നും കണ്ടുവരുന്നു. വനവാസികളുടെ പോഷക-ആരോഗ്യ സുരക്ഷയ്ക്കടിസ്ഥാനമായ കാർഷിക വ്യവസ്ഥ വിവിധ വനമേഖലകളിൽ തനതായ പ്രത്യേകതകളോടെ ഉരുത്തിരിയേണ്ടിയിരിക്കുന്നു. നിത്യഹരിത വനങ്ങൾക്ക് സമീപമുള്ളവർ പോഷക സുരക്ഷക്കായി കിഴങ്ങുകളെയും, ഇലകളെയും, ചെറുമൃഗങ്ങളെയും മീനുകളെയും മറ്റും കൂടുതൽ ആശ്രയിച്ചിരുന്നപ്പോൾ മഴക്കുറവുള്ള ഇലപൊഴിയുന്ന വനപ്രദേശങ്ങളിലുള്ളവർക്കു കൂടുതലായും ലഭ്യമായിരിരുന്നത് ജൈവാംശം കുറഞ്ഞ മണ്ണിൽ വിളഞ്ഞിരുന്ന ചെറു ധാന്യങ്ങളും പയറുവർഗങ്ങളും അവിടങ്ങളിൽ സുലഭമായിരുന്ന ചെറുജീവികളുമാണ്.

വന്യജീവജാലങ്ങളുടെ ദൗർലഭ്യവും അവയുടെ സംരക്ഷണത്തിനായുള്ള നിയമങ്ങളും കണക്കിലെടുത്ത് വേട്ടയാടിപ്പിടിച്ചു ഭക്ഷിച്ചിരുന്ന മൃഗക്കൊഴുപ്പുകൾക്കും മാംസ്യങ്ങൾക്കും പകരം നിൽക്കാവുന്ന, ഭൂപ്രകൃതിക്കും ജൈവവൈവിധ്യത്തിനും ഭക്ഷണരീതിക്കും അനുയോജ്യമായ ചെറുകിട പിൻമുറ്റ പക്ഷി-മൃഗ പരിപാലനം ആവിഷ്ക്കരിക്കണം.

വനയോരങ്ങളിലെ ഇത്തരം പോഷക സ്രോതസ്സുകളുടെ പരിപാലനത്തിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുമ്പോൾ വന്യജീവികളിൽ നിന്ന് ഇവയെ രക്ഷിക്കാനും അനുയോജ്യമായ വിത്തുകൾ, മൃഗങ്ങൾ, വേലികൾ മുതലായവ ഊരുകളിൽതന്നെ ഉണ്ടാക്കിയെടുക്കാനും ശ്രദ്ധിക്കണം. നാശത്തിനിടയായാൽ അർഹതപ്പെട്ട ഇൻഷുറൻസ് തുക എളുപ്പം കിട്ടേണ്ടതും വളരെ ആവശ്യമാണ്. വനയോരങ്ങളിലെ ആരോഗ്യ-ഉപജീവന-വിജ്ഞാന സുരക്ഷയ്ക്ക് അത്യാവശ്യമായിരിക്കുന്ന ഈ ചുവടുവെപ്പുകൾക്ക് ഇനിയും കാലതാമസമുണ്ടായാൽ നഷ്ടപ്പെടുന്ന സവിശേഷതകൾ നികത്താനാവാത്തതും മനുഷ്യരാശിയുടെ ഭദ്രതയെ തന്നെ ബാധിക്കാവുന്നതാണെന്നും ഓർക്കേണ്ടിയിരിക്കുന്നു.

(ബെംഗളൂരു അസിം പ്രേംജി യൂണിവേഴ്സിറ്റി പ്രൊഫെസറാണ് ലേഖിക)

## Content Highlights: tribals, agriculture, forest